# അസാധ്യലോകങ്ങളുടെ രാഷ്ട്രീയം : ആധുനികാനന്തര മലയാളചെറുകഥയുടെ സാംസ്കാരിക സമവാക്യങ്ങൾ

**ഷാജി ജേക്കബ്**

### ഒന്ന്

ആധുനികാനന്തര കഥാസാഹിത്യത്തിന്റെ ആഖ്യാനകല വിശകലനം ചെയ്യുന്ന ഒരു പഠനത്തിന് ലിൻഡാ ഹച്ചിയൺ നൽകുന്ന ശീർഷകം അസാധ്യലോകങ്ങളുടെ രാഷ്ട്രീയം (The Politics of Impossible Worlds) എന്നാണ്. നവോത്ഥാന ആധുനികതയെ ചരിത്രപരമായി സ്ഥാനപ്പെടുത്തിയ ഡാനിയൽ ഡീഫോയുടെ റോബിൻസൺ ക്രൂസോവിന്റെ ആധുനികാനന്തര, പാഠാന്തര ആഖ്യാനമെന്ന നിലയിൽ ജെ.എം.കുറ്റ്സെ എഴുതിയ ഫോ (Foe) എന്ന കൃതിയുടെ വിശകലനത്തിലൂടെയാണ് ഹച്ചിയൺ തന്റെ വാദങ്ങൾ സമർത്ഥിക്കുന്നത്. യഥാർത്ഥ ലോകങ്ങളുടെ പ്രശ്നവൽക്കരണത്തിൽ നിന്ന് സാഹിത്യവും ആഖ്യാനവും ഏറെ മുന്നോട്ടുപോയിരിക്കുന്നു. പ്രതീതിയാഥാർത്ഥ്യങ്ങളുടെയും സങ്കീർണമായ സ്വത്വ രാഷ്ട്രീയങ്ങളുടെയും ബഹുവിധമായ പ്രതിസന്ധികളുടെയും മണ്ഡലങ്ങളിൽ ലോകവും ആഖ്യാനവും എത്തിപ്പെടുകയും ചെയ്തിരിക്കുന്നു. സ്വാഭാവികമായും ആധുനികാനന്തരതയിലെ ആഖ്യാനങ്ങൾ ഏറ്റെടുക്കേണ്ടിവരുന്നത് ആന്തരവൈരുധ്യങ്ങളുടെ അസാമാന്യമായ ലോകങ്ങളെയാണെന്നും അവ ഒരർത്ഥത്തിൽ അസാധ്യലോകങ്ങൾതന്നെയാണെന്നും സൂചിപ്പിച്ചുകൊണ്ട് ലൂബൊമിയർ ഡൊളോസിലും മറ്റും രൂപപ്പെ ടുത്തുന്ന ആശയങ്ങളെയാണ് ഹച്ചിയൺ സ്വീകരിക്കുന്നത്. ആധുനികത രൂ പപ്പെടുത്തുകയും നിലനിർത്തുകയും ചെയ്ത ലോകാവസ്ഥകളുടെയും മാനുഷിക മൂല്യങ്ങളുടെയും ആഖ്യാനമണ്ഡലങ്ങളുടെയും അന്ത്യവും അപരവുമെന്ന നിലയിൽ ആധുനികാനന്തരത രൂപപ്പെടുത്തുന്ന ആഖ്യാനങ്ങളെക്കുറിച്ചുള്ള ചർച്ചകളുടെ മികച്ച മാതൃകകളിലൊന്നാണ് ഹച്ചിയൺ അവതരിപ്പിക്കുന്നത്.



# നവകഥാദർശനം

എഡിറ്റർ:

റ്റോജി വർഗീസ് റ്റി.



Souparnika Publication

Malayalam
**Navakathadarsanam**
Study
Edited by Toji Varghese T

First edition : March 2017
ISBN : 978-81-923970-7-8

Layout, Cover Design
Bhattathiri
Type setting
Abhilash

Printing
Sujilee Printers, Chathannoor
Kollam

Copy Right Reserved

Publishers
Souparnika Publication, Thiruvananthapuram,TCX/583, Eswari Vilasam
Abhaya Nager-3, Opp. Govt Hospilal, Peroorkada, Peroorkada P.O,
Thiruvananthapuram-695 005, Keralam, India

Distributors
Souparnika Publication, Thiruvananthapuram.
Pio Publications,TVM
Phone: 7994067995
Kairali Bhasha Patanasala
Thiruvananthapuram
Phone: 7994067993

Price : 400

All rights reserved. No part of this publication may reproduced, stored in a retreival system or transmitted in any form, or by any means, electronic, mechanical, photo copying, and recording or otherwise, without the prior permission of publisher.
ISBN : 978-81-923970-7-8 SP32 3/16-17 1-1000

# പുതുരചനയിലെ പെൺവർത്തമാനങ്ങൾ

ഡോ. സജിത കെ.ആർ.

എന്നെപ്പോലെയുള്ള സ്ത്രീക്ക് ഒരു കലാകാരിയെന്ന ബിരുദം കിട്ടുക അത്ര എളുപ്പമൊന്നുമല്ല. കിട്ടിയാൽത്തന്നെ അതുവെച്ചു പുലർത്തുക അത്രയും കൂടി എളുപ്പമല്ല. സുഖകരവുമല്ല. ഒരു കലാജീവിതത്തെ ചൂഴുന്ന നിരവധി സംശയങ്ങൾ-അസ്വാതന്ത്ര്യങ്ങൾ, പേടികൾ -പുരുഷനാണെങ്കിൽ നിസ്സംശയം ചവിട്ടിമെതിക്കാവുന്ന ആ മുൾപ്പടർപ്പുകളിലൂടെ ഞങ്ങൾ സ്ത്രീകൾ എത്ര കരുതലോടെ ഭയാശങ്കയോടെ നൂഴ്ന്നു നൂഴ്ന്നു കയറിപ്പോകണം. ഒരു കലാഹൃദയത്തിന്റെ സ്വച്ഛന്ദമായ വികസനത്തിന് ഏറ്റവും വലിയ ശത്രുവാണീ ഭയം. എങ്കിലും ഞങ്ങൾക്കു പേടിക്കാതെ കഴിയുകയില്ല. (ലളിതാംബിക അന്തർജനം, 2000:100)

എഴുത്തിൽ എനിക്കു ഭാഗ്യങ്ങളേ ഉണ്ടായിട്ടുള്ളൂ. പക്ഷേ എനിക്കറിയാം, എഴുത്തിൽ നിലയുറപ്പിക്കുന്നതിനിടയിൽ ഒരുപാടു കൊച്ചുകൊച്ചു ഭൂകമ്പങ്ങളെ നേരിടേണ്ടി വരുന്നവരാണ്. ഭൂരിഭാഗം സ്ത്രീകളും (പ്രിയ എ.എസ്, 2003:2)

രണ്ടു തലമുറകൾ സംസാരിക്കുകയാണിവിടെ. എഴുത്ത് എന്താണെന്നും അതു വെച്ചു പുലർത്തുന്നതിനുള്ള ഭയാശങ്കകളും രേഖപ്പെടുത്തുന്ന മുതിർന്ന തലമുറയിലെ എഴുത്തുകാരി. ആ എഴുത്തുകാരിയുടെ പേരിലുള്ള അവാർഡ് ഏറ്റുവാങ്ങിക്കൊണ്ടുള്ള മറുപടിപ്രസംഗത്തിലാണ് രണ്ടാം തലമുറ, തങ്ങൾക്കു ഭാഗ്യം കൊണ്ടു വരുന്ന എഴുത്തിനെപ്പറ്റി പറയുന്നത്. പിടിച്ചടക്കിയ ലോകവും കിട്ടിയ ലോകവും രണ്ടായിത്തന്നെ ഈ എഴുത്തുകാർ സാക്ഷ്യപ്പെടുത്തുന്നു. 'എഴുത്ത്, തലച്ചോറില്ലാത്ത സ്ത്രീകൾക്കു'[1] ചേർന്നതല്ല എന്ന വിശ്വാസം ഇപ്പോഴും അടങ്ങിയിട്ടില്ല. 1904[2] മുതലുള്ള സ്ത്രീകഥകൾ പരിശോധിച്ചാൽ സ്ത്രീപദവിയെപ്പറ്റിയുള്ള ചിന്തകൾ അവയിൽ സജീവമാണ്. നവോത്ഥാന സ്ത്രീരചനയിലും ഇതു ചർച്ച ചെയ്തിട്ടുണ്ട്. കഥയിലെ സ്ത്രീ പ്രശ്നങ്ങൾക്കു വായനയുടെ പരിഗണന ലഭിച്ച

# ഉള്ളടക്കം

നവകഥാദർശനങ്ങൾക്കൊരാമുഖം 11
റ്റോജി വർഗീസ് റ്റി.

ഭാഗം - 1

നവീനകഥയുടെ മലയാള ജീവിതം 19
ഡോ. എ.എം. ഉണ്ണിക്കൃഷ്ണൻ

അസാധ്യലോകങ്ങളുടെ രാഷ്ട്രീയം : ആധുനികാനന്തര മലയാളചെറുകഥയുടെ സാംസ്കാരിക സമവാക്യങ്ങൾ 33
ഷാജി ജേക്കബ്

നവകഥയുടെ രാഷ്ട്രീയം 50
ഡോ. മഞ്ജുള.കെ.വി.

ആഗോളീകരണം, നിരാഗോളീകരണം; മലയാളചെറുകഥയും 58
ഡോ. എം.എ. സിദ്ദീഖ്

നവകഥ - എഴുത്ത്, ജീവിതം, പ്രത്യയശാസ്ത്രം 70
എം. ജി. രവികുമാർ

മലയാള കഥയുടെ ദളിത് പരിസരങ്ങൾ 77
എം.ആർ.രേണുകുമാർ

പുതുരചനയിലെ പെൺവർത്തമാനങ്ങൾ 86
ഡോ.സജിത കെ.ആർ

മലയാളി പ്രവാസത്തിന്റെ കഥാരേഖകൾ 96
ഡോ. കെ.കെ.ശിവദാസ്

# നവകഥാദർശനം

എഡിറ്റർ

**റ്റോജി വർഗീസ് റ്റി.**

**സൗപർണ്ണിക പബ്ലിക്കേഷൻ**

തിരുവനന്തപുരം

വില: ₹ 400